# സംരംഭകർക്ക് കരുതൽ ഒരുക്കി സർക്കാർ എം.എസ്.എം.ഇ. കൾക്ക് ഇൻഷുറൻസ് പദ്ധതി സംരംഭക വായ്പകൾ 4 ശതമാനം പലിശനിരക്കിൽ



എസ്. ഹരി കിഷോർ ഐ.എ.എസ്.

കേരളത്തിലെ വ്യവസായ വാണിജ്യ സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി സംരംഭകർക്ക് ബിസിനസ് അവസരങ്ങൾ കെട്ടിപ്പടുക്കുന്നതിന് നിരവധി പദ്ധതികളാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്. സംരംഭകർക്ക് തങ്ങളുടെ സ്വപ്ന പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പെങ്ങുമില്ലാത്ത ആത്മവിശ്വാസമാണ് വ്യവസായ വകുപ്പ് ഉറപ്പാക്കുന്നത്. ഒരു ബിസിനസ്/പ്രൊജക്റ്റിനെ ആശയ രൂപികരണ ഘട്ടത്തിൽ നിന്ന് സംരംഭം യാഥാർത്ഥ്യമാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചും ധനസഹായം നല്കിയും സംസ്ഥാന വ്യവസായ വകുപ്പ് ഓരോ സംരംഭകരെയും ചേർത്ത് പിടിക്കുന്നു. കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ, പുതിയതായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് എം.എസ്.എം.ഇ. ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കിയും 10 ലക്ഷം വരെയുള്ള സംരംഭക വായ്പകൾ നാല് ശതമാനം പലിശനിരക്കിൽ സംരംഭകർക്ക് വായ്പ നല്കിയും സർക്കാർ സംരംഭകരെ ഒപ്പം നിർത്തുന്നു.

## എം.എസ്.എം.ഇ. ഇൻഷൂറൻസ് പദ്ധതി

എം.എസ്.എം.ഇ. കൾക്ക് പ്രീമിയത്തിൽ പകുതി സർക്കാർ വഹിക്കുന്ന ഇൻഷൂറൻസ് പദ്ധതി ആവിഷ്കരിക്കുകയാണ് വ്യവസായ വകുപ്പ്. 2023-24 സാമ്പത്തിക വർഷം മുതൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് എം.എസ്.എം.ഇ. ഇൻഷൂറൻസ് പദ്ധതി. ഇൻഷൂറൻസ് മേഖലയിലെ നാല് പൊതു മേഖല സ്ഥാപനങ്ങൾ വഴി ഇൻഷൂറൻസ് പരിരക്ഷയൊരുക്കും. സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50 ശതമാനം (പരമാവധി 2,500 രൂപ) സർക്കാർ വഹിക്കുന്ന പദ്ധതിയാണ് എം.എസ്.എം.ഇ. ഇൻഷൂറൻസ് പദ്ധതി. നാഷണൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്, ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, യുണൈറ്റഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് തുടങ്ങിയവയാണ് നാല് പൊതുമേഖലാ ഇൻഷൂറൻസ് സ്ഥാപനങ്ങൾ. ഈ നാല് പൊതുമേഖലാ ഇൻഷൂറൻസ് ഓപ്പറേറ്റർമാരിൽ നിന്ന് സൂക്ഷ്മ/ലഘു ഉദ്യം സുരക്ഷാ പോളിസി വാങ്ങിയിരിക്കണം. എം.എസ്.എം.ഇ. സംരംഭങ്ങളുടെ കെട്ടിടം, യന്ത്രസാമഗ്രികൾ, സ്റ്റോക്ക് എന്നിവയെ ബാധിക്കാൻ സാദ്ധ്യതയുള്ള അപകടങ്ങൾ പ്രകൃതി ദുരന്തങ്ങൾ എന്നിവയിൽ നിന്നൊക്കെ സാമ്പത്തിക പരിരക്ഷ നല്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

നിർമ്മാണ/ സേവന/ വ്യാപാര മേഖലയിൽ നിലവിലുള്ളതും പുതിയതുമായ എല്ലാ സംരംഭങ്ങളും ഇൻഷുറൻസിന് അർഹരായിരിക്കും. എം.എസ്.എം.ഇ. കൾക്ക് ഉദ്യം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

സംരംഭക വർഷ പദ്ധതിയിലൂടെ 1,39,000 സംരംഭങ്ങൾ ആരംഭിച്ച് ചരിത്ര നേട്ടം കൈവരിച്ച ഘട്ടത്തിൽ തന്നെ സംരംഭങ്ങലുടെ അടച്ചു പൂട്ടൽ തടയുന്നതിനുള്ള ക്രമീകരണങ്ങളും ഉറപ്പാക്കുന്നതിന് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആശയങ്ങൾ ആവിഷ്കരിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് 2023-24 സാമ്പത്തിക വർഷം മുതൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി എം.എസ്.എം. ഇ. ഇൻഷൂറൻസ് പദ്ധതി ആരംഭിക്കുന്നത്.

സംരംഭകർക്ക് കൂടുതൽ മെച്ചപ്പെട്ട സംരംഭക സാഹചര്യം സൃഷ്ടിച്ചെടുക്കുന്നതിനുമായി മറ്റനവധി പദ്ധതികളും വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിക്കുന്നുണ്ട്.

## കേരള സംരംഭക വായ്പ പദ്ധതി

സംസ്ഥാനത്തിലെ ബാങ്കേഴ്സ് കമ്മിറ്റിയുമായി സഹകരിച്ചാണ് സംരംഭകർക്കായി കേരള സംരംഭക വായ്പ പദ്ധതി ആരംഭിച്ചിട്ടുള്ളത്. പുതിയതായി 10 ലക്ഷം വരെയുള്ള വായ്പ



കൾ 4 ശതമാനം പലിശനിരക്കിൽ ആണ് സംരംഭകർക്ക് ലഭ്യമാക്കുന്നത്. വ്യവസായ വകുപ്പിന്റെ പ്രത്യേക പലിശ സബ്സിഡിയും ഈ വായ്പ പദ്ധതിയുടെ ആകർഷമാണ്. ഉല്പാദന –സേവന സംരംഭങ്ങൾക്കൊപ്പം ബിസിനസ് സംരംഭങ്ങൾക്കും ഈ പദ്ധതി പ്രകാരം സഹായം ലഭിക്കും. ബ്ലോക്ക് വ്യവസായ വികസന ഓഫീസർ/ഗ്രാമപഞ്ചായത്ത് എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് എന്നിവരുടെ സഹായത്തോടെ പ്രത്യേക പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാം.

### ഒരു കുടുംബം ഒരു സംരംഭം

ഓരോ കുടുംബത്തിലും സംരംഭകത്വ പ്രവർത്തന പ്രോത്സാഹിപ്പിക്കുന്നതിനും വനിതാ സംരംഭകത്വം ശാക്തീകരിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതിയാണ് ഒരു കുടുംബം ഒരു സംരംഭം (One family one enterprirse - OFOE).

ഉല്പാദന, സേവന വ്യാപാര മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുത്ത വായ്പയിൽ 10 ലക്ഷം വരെയുള്ള തുകയ്ക്ക് പലിശയിളവ് നല്കുന്നതാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി. 10 ലക്ഷം വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ/പ്രവർത്തന മൂലധന വായ്പ) ആദ്യത്തെ 5 വർഷത്തേക്ക് 6 ശതമാനം പലിശ ഇളവിന് അർഹതയുണ്ട്. വായ്പയെടുക്കുന്നയാൾ ബാങ്കിന് 4 ശതമാനം പലിശ നല്കിയാൽ മതി. ബാക്കി പലിശ 6 ശതമാനം സർക്കാർ നല്കും. വായ്പ വിതരണം ചെയ്തതു മുതൽ 5 വർഷം വരെ പലിശ സബ്സിഡി സർക്കാർ നല്കും.

2022 ഏപ്രിൽ ഒന്നിനോ അതിനുശേഷമോ പ്രവർത്തനം/ഉല്പാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്. അപേക്ഷിക്കുന്ന തീയതി പ്രകാരം യൂണിറ്റ് പ്രവർത്തനക്ഷമമായിരിക്കണം. കേന്ദ്ര/സംസ്ഥാന സർക്കാർ/തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ (പി.എം.എഫ്.എം.ഇ. സ്കീം ഒഴികെ) ഏതെങ്കിലും സ്കീമിന് കീഴിലുള്ള ഒരു ഗ്രാന്റ്സഹായവും യൂണിറ്റിന് ലഭിച്ചിട്ടില്ലെങ്കിൽ പദ്ധതിയ്ക്ക് അർഹനാണ്. അപേക്ഷകന് 6 മാസത്തേക്കോ ഒരു വർഷത്തേക്കോ സഹായം ലഭിക്കും. സംരംഭകർക്ക് ofoe.industry.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. എം.എസ്.എം.ഇ. മേഖലയെ കൈപിടിച്ചുയർത്താൻ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കുന്ന മികവാർന്ന പദ്ധതികളും സംരംഭക സൗഹൃദ കേരളത്തിലേക്ക് സംരംഭകരെയും നിക്ഷേപകരെയും ആകർഷിക്കുന്നു. സംരംഭകർക്ക് മികച്ച അടിത്തറയൊരുക്കി കരുതൽ പദ്ധതികളുമായി മുന്നോട്ട് പോവുകയാണ് കേരളം.

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**



KSSIA NEWS

KSSIA NEWS
(Vyavasayam)
Monthly Magazine
Advtertisement Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%

## നമ്മുടെ വ്യവസായം



കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

എസ്. സലിം
ചീഫ് എഡിറ്റർ